ചെലവഴിച്ചു. പശ്ചാത്തല മേഖലയിൽ 2,80,441 രൂപ അനുവദിച്ചെങ്കിലും തുക ഒന്നും ചെലവഴിച്ചിട്ടില്ല.

(ഡി) കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

121 (2277) ബി.ഡി.ഒ. തസ്തികയിലേക്കുള്ള പ്രൊമോഷൻ

ശ്രീ. പി.ജെ. ജോയി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.ഡി.ഒ. തസ്തികയിലേക്ക് പ്രൊമോഷനിലൂടെ അവസാനമായി നിയമനം നടത്തിയതെന്നാണ് എന്നറിയിക്കുമോ;

(ബി) അതിനുശേഷം ഈ തസ്തികയിൽ പ്രൊമോഷൻ നൽകാതിരുന്നതിന് കാരണമെന്താണ് എന്ന് വെളിപ്പെടുത്തുമോ;

(സി) ഇത് സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ്സ് നിലവിൽ ഉണ്ടായിരുന്നുവോ;

(ഡി) ഈ കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്?

ഉത്തരം

(എ) റിട്ട് അപ്പീൽ 69/95-ലെ കോടതിവിധി പാലിക്കുന്നതിനായി 21-9-98-ലാണ് അവസാനമായി ബി.ഡി.ഒ. തസ്തികയിലേക്ക് പ്രൊമോഷൻ വഴി നിയമനം നടത്തിയത്.

(ബി) ഡി.പി.സി.യുമായി ബന്ധപ്പെട്ട് താൽക്കാലിക പ്രൊമോഷനെതിരെ സ്റ്റേ ഉണ്ടായിരുന്നതിനാലാണ് അതിനുശേഷം പ്രൊമോഷൻ വഴി നിയമനം നടത്താതിരുന്നത്.

(സി) വി.ഇ.ഒ. മാർക്കൊപ്പം പ്രൊമോഷൻ സാദ്ധ്യതകൾ നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീമതി കെ. ഇന്ദിര തുടങ്ങിയവർ ഫയൽ ചെയ്ത ഒ.പി. 11869/99 നിലവിലുണ്ട്.

(ഡി) സർക്കാർ ഭാഗത്ത് നിന്ന് സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് അഡ്വക്കേറ്റ് ജനറലിന് അയച്ചുകൊടുത്തിട്ടുണ്ട്. കേസ്സ് ഹൈക്കോടതിയുടെ പരിഗണനയിലാണ്.

122 (2278) വീട്ടുകരം വസൂലാക്കുന്ന നടപടി

ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭ രണ്ടു ക്വാർട്ടറായിട്ടാണോ വീട്ടുകരം വസൂലാക്കുന്നത് എന്നറിയിക്കുമോ; ഓരോ ക്വാർട്ടറും എന്നുമുതൽ എന്നുവരെയാണ് എന്നു വ്യക്തമാക്കുമോ;

(ബി) വീട്ടുകരം അടയ്ക്കാൻ സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഓരോ ക്വാർട്ടറിലും ഏതൊക്കെ തീയതികളാണ് നിശ്ചയിച്ചിട്ടുള്ളത്;

(സി) നിശ്ചിത തീയതിക്കുള്ളിൽ കരം അടയ്ക്കാത്തവരിൽ നിന്നു പിഴപ്പലിശ ഈടാക്കുന്നുണ്ടോ; എങ്കിൽ ഏതു നിരക്കിൽ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ;

(ഇ) ഇപ്പോൾ ഒരു ക്വാർട്ടറിലെ കരം ആ ക്വാർട്ടർ അവസാനിപ്പിക്കുന്നതിനു മുമ്പ് അടച്ചാലും പ്രസ്തുത ക്വാർട്ടർ തുടങ്ങുന്നതുമുതൽ കരം അടയ്ക്കുന്ന തീയതിവരെയുള്ള കാലയളവിലേക്ക് പിഴപ്പലിശ ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്)ഓരോ ക്വാർട്ടറിലേയും വീട്ടുകരം ആ ക്വാർട്ടർ അവസാനിക്കുന്നതിനുമുമ്പ് അടയ്ക്കുന്നവരെ പിഴപ്പലിശ അടയ്ക്കുന്നതിൽ നിന്നൊഴിവാക്കുമോ;

(ജി) ഇപ്രകാരം കോർപ്പറേഷൻ കൂടുതലായി ഈടാക്കിയ പിഴപ്പലിശ മടക്കി നൽകുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) തിരുവനന്തപുരം നഗരസഭ വസ്തു നികുതി വസൂലാക്കുന്നത് ക്വാർട്ടറായിട്ടല്ല; അർദ്ധ വാർഷികമായിട്ടാണ്; ഏപ്രിൽ 1 മുതൽ സെപ്റ്റംബർ 30 വരെ ഒന്നാം അർദ്ധവർഷമായും ഒക്ടോബർ 1 മുതൽ മാർച്ച് 31 വരെ രണ്ടാം അർദ്ധവർഷമായും കണക്കാക്കിയാണ് നികുതി ഈടാക്കുന്നത്.

(ബി) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 238-ാം വകുപ്പ് പ്രകാരം ഒരു അർദ്ധവർഷം ആരംഭിച്ച് 30 ദിവസത്തിനകം വസ്തു നികുതി ഒടുക്കേണ്ടതാണ്.

(സി) അർദ്ധവർഷം അവസാനിക്കുന്നതിന് മുമ്പ് അടക്കാത്തവരിൽ നിന്നു പ്രതിമാസം 2% നിരക്കിൽ പലിശ ഈടാക്കുന്നുണ്ട്.

(ഡി) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 538(2)ലെ വ്യവസ്ഥകൾക്കനുസൃതമായാണ് പിഴപ്പലിശ ഈടാക്കുന്നത്.

(ഇ)&(എഫ്) ഒരു അർദ്ധ വർഷത്തെ നികുതി ടി അർദ്ധവർഷം അവസാനിക്കുന്നതിനുമുമ്പ് അടയ്ക്കുന്നവരിൽ നിന്നും പിഴപ്പലിശ ഈടാക്കാറില്ല.

(ജി) നിയമത്തിൽ വ്യവസ്ഥ ചെയ്തതിൽ കൂടുതലായി പിഴപ്പലിശ ഈടാക്കുന്നില്ല. ഈടാക്കിയിട്ടുണ്ടെങ്കിൽ മടക്കി നൽകുന്നതാണ്.

123 (2279) മുനിസിപ്പൽ സെക്രട്ടറിമാരായി നിയമനം

ശ്രീ. പി.ജെ. ജോയി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ സെക്രട്ടറിമാരായി സർവീസിലുള്ളവരെ പി.എസ്.സി. തെരഞ്ഞെടുക്കുമ്പോൾ സമുദായ സംവരണം നൽകാനുള്ള ചട്ടങ്ങൾക്ക് ഭേദഗതി നിർദ്ദേശിച്ചുകൊണ്ടുള്ള എൽ.2285/95(3) നമ്പർ പ്രകാരമുള്ള 6-1-95-ലെ ഫയലിന്റെ ഇപ്പോഴത്തെ സ്ഥിതി വെളിപ്പെടുത്തുമോ;

(ബി) ഈ ഫയലിന്മേൽ തീരുമാനം വൈകിയതിനാൽ സർവ്വീസിലുള്ളവർക്ക് സമുദായ സംവരണം നൽകാതെ പി.എസ്.സി.ലിസ്റ്റ്പ്രകാരം നിയമനം നടത്തിക്കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ഫയലിന്മേൽ കാലതാമസം വന്നിട്ടുണ്ടെങ്കിൽ ആയതിന്റെ ഉത്തരവാദിത്വം ആർക്കാണ് എന്നറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly